കേരള നിയമസഭ

## ജനാധിപത്യം അർത്ഥപൂർണ്ണമാക്കുവാൻ പ്രതീക്ഷാനിർഭരമായ ഭാവിയിലേക്കൊരു മുന്നേറ്റം...

# സഭാ ടിവി ഇന്ത്യൻ നിയമസഭകളിലെ ആദ്യസംരംഭം

ഉദ്ഘാടനം 2020 ആഗസ്റ്റ് 17 തിങ്കളാഴ്ച (1196 ചിങ്ങം 1) ഉച്ചക്ക് 12.00 മണിക്ക്

സഭാ ടി.വി. ഉദ്ഘാടനം



**ശ്രീ. ഓം ബിർള**
ബഹു. ലോക സഭാ സ്പീക്കർ

മുഖ്യപ്രഭാഷണം



**ശ്രീ. പിണറായി വിജയൻ**
ബഹു. കേരള മുഖ്യമന്ത്രി

അദ്ധ്യക്ഷൻ



**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**
ബഹു. സ്പീക്കർ, കേരളനിയമസഭ

ആശംസ



**ശ്രീ. രമേശ് ചെന്നിത്തല**
ബഹു. പ്രതിപക്ഷ നേതാവ്



കേരള നിയമസഭ

വരും കാലത്തിന് വഴികാട്ടിയായ നിരവധി സംരംഭങ്ങളുടെ ഉത്ഭവകേന്ദ്രം എന്ന നിലയിൽ കൂടിയാണ് ചരിത്രം കേരള നിയമസഭയെ അടയാളപ്പെടുത്തുക. ജനപ്രതിനിധിസഭയുടെ സർവ്വ ഭാവങ്ങളും പ്രതിനിധാനം ചെയ്യപ്പെട്ട ഒരു പുരോഗമന പാരമ്പര്യമായി ഈ പ്രക്രിയ പതിറ്റാണ്ടുകളായി തുടർന്നുകൊണ്ടിരിക്കുകയാണ്. ഭൂപരിഷ്ക്കരണം പോലെ ചരിത്രം കുറിച്ച നിയമനിർമ്മാണം നടത്തുക, സബ്ജക്റ്റ് കമ്മിറ്റിപോലെ നിസ്തുലമായ ആശയം പാർലമെന്ററി സംവിധാനത്തിൽ ആവിഷ്ക്കരിക്കുക, സുതാര്യതയും പൊതു ഉത്തരവാദിത്വവും ഉറപ്പു വരുത്തുന്നതിനുള്ള ഇടതടവില്ലാത്ത നടപടികൾ സൃഷ്ടിക്കുക തുടങ്ങിയുള്ള കേരള നിയമസഭയുടെ കഴിഞ്ഞ 63 വർഷത്തെ പ്രവർത്തനങ്ങളിൽ സാമൂഹിക ആകുലതകളെ പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങളും ആധുനിക പരിഷ്കൃതിയിലേക്കുള്ള മുന്നോട്ടുപോക്കും വൈവിധ്യങ്ങളെ ഉൾക്കൊള്ളാനുള്ള ശേഷിയും കാണാൻ കഴിയും.

2020 ആഗസ്റ്റ് 17ന് (1196 ചിങ്ങം ഒന്ന്) **ബഹുമാനപ്പെട്ട ലോകസഭാ സ്പീക്കർ ശ്രീ. ഓം ബിർള** ഉദ്ഘാടനം ചെയ്യുന്ന സഭാ ടി.വി. കേരള നിയമസഭയുടെ മറ്റൊരു നൂതന ആവിഷ്ക്കാരമാണ്. ഇന്ത്യയിൽ ആദ്യമായാണ് ഒരു നിയമസഭ ഇത്തരത്തിൽ ഒരു ദൃശ്യശ്രാവ്യ സംരംഭമാരംഭിക്കുന്നത്.

നമ്മുടെ യാഥാർത്ഥ്യങ്ങളും സാധ്യതകളും പരിമിതികളും മനസ്സിലാക്കിയിട്ടുള്ള ഒരു സംരംഭമായിട്ടാണ് സഭാ ടി.വി. ആവിഷ്ക്കരിക്കുന്നത്. പൂർണ്ണ ടി.വി. ചാനൽ എന്ന നിലയിൽ മുന്നോട്ട് പോകാതെ, കേരളത്തിലെ പ്രമുഖ ചാനലുകളിലെ ടൈം സ്ലോട്ടുകളിലൂടെ ഒരു പുതിയ ദൃശ്യശ്രാവ്യ ഇടപെടൽ നടത്താനാണ് കേരള നിയമസഭ ജാഗ്രതാപൂർവ്വം തീരുമാനിച്ചിരിക്കുന്നത്. 2020 മാർച്ചിന് ശേഷമുണ്ടായ കോവിഡ് 19 മഹാമാരിയുടെ വെല്ലുവിളികൾക്കും പരിമിതികൾക്കും ഇടയിലും കേരള നിയമസഭയുടെ ബഹുമാന്യനായ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ നേതൃത്വത്തിൽ കഴിഞ്ഞ ഒരു വർഷമായി ഈ പദ്ധതിയുടെ അടിസ്ഥാന സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. നാം ഇപ്പോൾ അവയുടെ സാക്ഷാത്കാര ഘട്ടത്തിലേക്ക് കടക്കുകയാണ്.

ടെലിവിഷനിലൂടെയുള്ള ഈ പരിപാടികളെ കൂടാതെ കേരള നിയമസഭ ഒ.റ്റി.റ്റി (ഓവർ ദ റ്റോപ്) പ്ലാറ്റ്ഫോം കൂടി തയ്യാറാക്കിയിട്ടുണ്ട്. നിയമസഭാ നടപടിക്രമങ്ങളുടെ ഓൺലൈൻ സംപ്രേക്ഷണവും സഭാ ടി.വി. മൊബൈൽ ആപ്ലിക്കേഷന്റെ സഹായത്തോടെ കാഴ്ചക്കാരുടെ / കേൾവിക്കാരുടെ / വായനക്കാരുടെ താല്പര്യപ്രകാരമുള്ള ഉള്ളടക്കങ്ങളും ഇതുവഴി ലഭ്യമാകും. ഗൂഗിൾ/ ആപ്പിൾ പ്ലേസ്റ്റോറുകളിൽ സഭാ ടി.വി. ആപ്പ് നിലവിൽ ലഭ്യമാണ്.

തദവസരത്തിൽ **ബഹു. നിയമസഭാ സ്പീക്കറുടെ ഔദ്യോഗിക വെബ്സൈറ്റിന്റെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രിയും, കേരള നിയമസഭയുടെ പുതിയ ഡൈനാമിക് വെബ്സൈറ്റിന്റെ ഉദ്ഘാടനം ബഹു. പാർലമെന്ററികാര്യവകുപ്പ് മന്ത്രിയും** നിർവ്വഹിക്കുന്നതാണ്.

കോവിഡ് 19 എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ സഭാ ടി.വി.യുടെ ഉദ്ഘാടനം ഗൂഗിൾ മീറ്റ് മുഖേനയാണ് നടക്കുന്നത്. ബഹുമാനപ്പെട്ട എല്ലാ നിയമസഭാ സാമാജികർക്കും മറ്റ് വിശിഷ്ട വ്യക്തികൾക്കും ഉദ്ഘാടന പരിപാടിയുടെ ലിങ്ക് ലഭ്യമാക്കുന്നതാണ്. പ്രസ്തുത ലിങ്ക് ഉപയോഗിച്ച് ഉദ്ഘാടന പരിപാടിയിൽ താങ്കൾ സന്നിഹിതനാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ആത്മാർത്ഥതയോടെ,

**എസ്. വി. ഉണ്ണികൃഷ്ണൻ നായർ**
സെക്രട്ടറി, കേരള നിയമസഭ

തിരുവനന്തപുരം
14-08-2020

# കാര്യപരിപാടി

## ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ച്

**17.08.2020 തിങ്കൾ**

| | | | |
|---|---|---|---|
| 12.00 – 12.03 pm | സ്വാഗതപ്രസംഗം | : | **ശ്രീ.വി.ശശി**<br>ബഹു. ഡെപ്യൂട്ടി സ്പീക്കർ |
| 12.03 – 12.09 p.m. | അദ്ധ്യക്ഷപ്രസംഗം | : | **ശ്രീ.പി.ശ്രീരാമകൃഷ്ണൻ**<br>ബഹു. സ്പീക്കർ |
| 12.09 – 12.19 p.m. | ഉദ്ഘാടനം<br>(വീഡിയോ കോൺഫറൻസ് മുഖേന) | : | **ശ്രീ.ഓം ബിർള**<br>ബഹു. ലോകസഭ സ്പീക്കർ |
| 12.19 – 12.30 p.m. | ബഹു: സ്പീക്കറുടെ ഔദ്യോഗിക വെബ്സൈറ്റിന്റെ ഉദ്ഘാടനവും മുഖ്യപ്രഭാഷണവും | : | **ശ്രീ.പിണറായി വിജയൻ**<br>ബഹു. മുഖ്യമന്ത്രി |
| 12.30 – 12.40 p.m. | **ഐശ്വര്യപൂർണ്ണമായ ഭൂതകാലം, ഊർജ്ജസ്വലമായ വർത്തമാനകാലം : പതിനാല് നിയമസഭകളുടേയും നേതാക്കളുടേയും ഒരു നേർക്കാഴ്ച** | | |
| 12.40 – 12.48 p.m. | കേരള നിയമസഭയുടെ ഡൈനാമിക് വെബ്സൈറ്റിന്റെ ഉദ്ഘാടനം | : | **ശ്രീ. എ.കെ. ബാലൻ**<br>ബഹു. പാർലമെന്ററികാര്യവകുപ്പ് മന്ത്രി |
| | ആശംസ പ്രസംഗങ്ങൾ | | |
| 12.48 – 12.51 p.m. | | : | **ശ്രീ.രമേശ് ചെന്നിത്തല**<br>ബഹു. പ്രതിപക്ഷ നേതാവ് |
| 12.51 – 12.53 p.m. | | : | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 12.53 – 12.55 p.m. | | : | **ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി**<br>ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു വകുപ്പുമന്ത്രി |
| 12.55 – 12.57 p.m. | | : | **ഡോ.എം.കെ.മുനീർ**<br>പ്രതിപക്ഷ ഉപനേതാവ് |
| 12.57 – 12.59 p.m. | | : | **ശ്രീ.പി.ജെ.ജോസഫ്**<br>കേരള നിയമസഭാംഗം |
| 12.59 – 1.01 p.m. | | : | **ശ്രീ.മാത്യു ടി.തോമസ്**<br>കേരള നിയമസഭാംഗം |
| 1.01 – 1.03 p.m. | | : | **ശ്രീ.മാണി സി.കാപ്പൻ**<br>കേരള നിയമസഭാംഗം |
| 1.03 – 1.05 p.m. | | : | **ശ്രീ.അനൂപ് ജേക്കബ്**<br>കേരള നിയമസഭാംഗം |
| 1.05 – 1.07 p.m. | | : | **ശ്രീ.ഒ.രാജഗോപാൽ**<br>കേരള നിയമസഭാംഗം |
| 1.07 – 1.09 p.m. | | : | **ശ്രീ.കെ.ബി.ഗണേഷ് കുമാർ**<br>കേരള നിയമസഭാംഗം |
| 1.09 – 1.11 p.m. | | : | **ശ്രീ.പി.സി.ജോർജ്**<br>കേരള നിയമസഭാംഗം |
| 1.11 – 1.13 p.m. | | : | **ശ്രീ.കോവൂർ കുഞ്ഞുമോൻ**<br>കേരള നിയമസഭാംഗം |
| 1.13 – 1.15 p.m. | | : | **ശ്രീമതി വീണാ ജോർജ്ജ്**<br>കേരള നിയമസഭാംഗം & അദ്ധ്യക്ഷ, കണ്ടന്റ് ഡെവലപ്മെന്റ് സമിതി, സഭാ ടി.വി |
| 1.15 – 1.17 p.m. | | : | **ശ്രീ.വെങ്കിടേശ്വരൻ രാമകൃഷ്ണൻ**<br>സഭാ ടി.വി.യുടെ മീഡിയ കൺസൾട്ടന്റ് |
| 1.17 – 1.19 p.m. | കൃതജ്ഞത | : | **ശ്രീ.എസ്.വി. ഉണ്ണികൃഷ്ണൻ നായർ**<br>കേരള നിയമസഭ സെക്രട്ടറി |
| 1.19 – 1.30 p.m. | **വീഡിയോ അവതരണം** | : | **സഭാ ടി.വി. പരിപാടികളിലേയ്ക്ക് ഒരെത്തിനോട്ടം** |